# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6047 04.07.2019 ൽ മറുപടി നൽകേണ്ടത്.

### സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.പി.സജീന്ദ്രൻ | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിതാപകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ലഭിച്ച് വരുന്ന ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ലഭിക്കുന്ന ഓണറേറിയം കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി കൊടുക്കുന്നത് പഠിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; | (ബി) | കമ്മീഷനെ നിയമിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരം 33 സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ എയ്ഡഡ് പദവി നൽകിയിരുന്നോ; അത് ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ; | (സി) യും (ഡി) യും | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട |
| (ഡി) | സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ സംരക്ഷിച്ചുകൊണ്ട് പ്രത്യേക പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ? | | |

| | | | |
|---|---|---|---|
| | | | എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പാക്കേജ് സർക്കാരിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അത് നടപ്പാക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് മുഖേന നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ